പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ : 1033

11.03.2015ലെ മറുപടിയ്ക്ക്

## ആദിച്ചനെല്ലൂർ ചിറ ടൂറിസം പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജി.എസ്.ജയലാൽ | ശ്രീ.എ.പി.അനിൽ കുമാർ<br>(പട്ടികജാതിപിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| (എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ ആദിച്ചനെല്ലൂർ ചിറ ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട് എത്ര രൂപയുടെ ഭരണാനുമതി എന്ന് നൽകിയെന്ന് വ്യക്തമാക്കുമോ; | (എ) 22.05.14ലെ സർക്കാർ ഉത്തരവ് പ്രകാരം 44 ലക്ഷം രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്. |
| (ബി) പ്രസ്തുത പ്രവർത്തികൾ ഏറ്റെടുത്ത് നടത്തുന്നതിലേക്ക് നിർവ്വഹണ ഏജൻസിയായി നിശ്ചയിച്ച് നൽകിയിട്ടുള്ളത് ആരെയാണെന്ന് അറിയിക്കുമോ; | (ബി) കൊല്ലം ജില്ലയിലെ മൈനർ ഇറിഗേഷൻ ഡിവിഷനെയാണ് ഈ പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായി നിശ്ചയിച്ചിട്ടുള്ളത്. |
| (സി) നാളിതുവരെ പ്രസ്തുത ഏജൻസി നടത്തിയ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;<br>(ഡി) നിലവിലുള്ള നിർമ്മാണ പുരോഗതി വിലയിരുത്തുവാനും കാലതാമസം ഒഴിവാക്കി എത്രയും പെട്ടെന്ന് പദ്ധതി പൂർത്തികരിക്കുവാനും സന്നദ്ധമാകുമോ; | (സി) യും (ഡി) യും<br>പ്രസ്തുത പദ്ധതിയുടെ പ്രവർത്തനങ്ങൾ ഉടൻ തന്നെ ആരംഭിക്കുന്നതാണ്. കൂടാതെ പദ്ധതി കാലതാമസം കൂടാതെ നടപ്പാക്കുന്നതിന് ശ്രദ്ധിക്കുന്നതുമാണ്. |

| | | | |
|---|---|---|---|
| (ഇ) | നിലവിൽ അനുമതി നൽകിയതിനുപരിയായി കൂടുതൽ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; എങ്കിൽ വിശദാംശം അറിയിക്കുമോ ? | (ഇ) | പുതിയ പദ്ധതികളൊന്നും പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ